# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 18 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -334)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 3854 മുതൽ 3985 വരെ |
| റവന്യൂവകുപ്പുമന്ത്രി | : 3986 മുതൽ 4048 വരെ |
| മരാമത്ത് വകുപ്പുമന്ത്രി | : 4049 മുതൽ 4124 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 4125 മുതൽ 4187 വരെ |

<u>ആർ. എം. എസ്. എ. പദ്ധതി</u>

3854 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ ജോയിന്റ് അക്കൗണ്ട് നിലവിൽ ആരുടെ പേരിൽ ആണ് ;

(സി) പ്രസ്തുത ജോയിന്റ് അക്കൗണ്ടിൽ പി.റ്റി.എ. പ്രതിനിധി ഉണ്ടോ ;ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ പ്ലസ് ടു സ്കൂളുകൾ</u>

3855 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ +2 ഇല്ലാത്ത ഗവൺമെന്റ് സ്കൂൾ ഉണ്ടോ;

(ബി) ജി. എച്ച്. എസ്. പയ്യനല്ലൂരിൽ +2 അനുവദിക്കുന്നതിനായി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അടുത്ത അദ്ധ്യയന വർഷം +2 അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പ്ലസ് ടു ബാച്ച്</u>

3856 ശ്രീ. എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, സി. കെ. സദാശിവന്‍
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം 2011-12 അദ്ധ്യയന വര്‍ഷത്തില്‍ എത്ര സ്കൂളുകളിലാണ് പ്ലസ് ടു ബാച്ച് അനുവദിച്ചത്; സര്‍ക്കാര്‍, എയ്ഡഡ് മേഖലകളില്‍ എത്ര വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി അനുവദിച്ച ബാച്ചുകളില്‍ എത്ര കുട്ടികള്‍ക്കാണ് പ്രവേശനം നല്‍കാന്‍ ഉദ്ദേശിച്ചിരുന്നത്;

(സി) അലോട്ട്മെന്റ് പ്രക്രിയ പൂര്‍ത്തിയായതിനു ശേഷം എത്ര സീറ്റുകള്‍ ഒഴിഞ്ഞു കിടക്കുന്നു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കില്‍ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം 2011-12 അദ്ധ്യയന വര്‍ഷത്തില്‍ വിവിധ മേഖലകളില്‍ പുതുതായി അനുവദിച്ച സീറ്റുകളിലേയ്ക്ക് പ്രവേശന നടപടികള്‍ തുടങ്ങിയത് നിലവിലുണ്ടായിരുന്ന സീറ്റുകളിലും, ഓപ്പണ്‍ സ്കൂളുകളിലും പ്രവേശന നടപടികള്‍ പൂര്‍ത്തിയായതിനു ശേഷമായിരുന്നതുകൊണ്ടാണ് നിരവധി സീറ്റുകള്‍ ഒഴിഞ്ഞു കിടക്കുന്നത് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളിൽ വ്യായാമം</u>

3857 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കൂൾ കുട്ടികളിൽ പഠനത്തോടൊപ്പം വ്യായാമവും പരിശീലിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി റീജിയണൽ സയൻസ് സെന്റർ</u>

3858 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പി.എം.ജി. കോളേജിന്റെ കൈവശമുള്ള ഭൂമിയിൽ ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെ സീറ്റുകളുടെ വിവരം</u>

3859 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-2011 വിദ്യാഭ്യാസ വർഷം വിവിധ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതമാണ് ഉണ്ടായിരുന്നതെന്ന് ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ബി) അതിൽ ഏതെല്ലാം കോഴ്സുകളിൽ എത്ര വീതം സീറ്റുകളാണ് മെരിറ്റിലും, മാനേജ്മെന്റിലുമായി ഒഴിഞ്ഞുകിടക്കുന്നത് ;

(സി) 2011-2012 ൽ എത്ര സീറ്റുകളാണ് ആകെയുള്ളത്; അതിൽ എത്ര സീറ്റുകൾ മെരിറ്റിലും, മാനേജ്മെന്റിലുമായി പ്രവേശനം നടത്തി ; എത്ര സീറ്റുകൾ രണ്ടിലുമായി ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ ഫീസ് ഘടന</u>

3860 ശ്രീ.എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായി കരാർ ഒപ്പിട്ട സ്വകാര്യ, സ്വാശ്രയ എഞ്ചിനീയറിംഗ്, മെഡിക്കൽ ഡെന്റൽ കോളേജുകളിലും, കരാർ ഒപ്പിടാത്ത സമാന സ്ഥാപനങ്ങളിലും 2006ലും,2010ലും, 2011ലും ഉള്ള ഫീസ് ഘടന വ്യക്തമാക്കാമോ;

(ബി) 2011-ലെ ഇതുമായി ബന്ധപ്പെട്ട കരാറുകളുടെയും ഫീസ് സംബന്ധമായ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ വർഷത്തെ കരാർ പ്രകാരം പൊതുമെരിറ്റിലും എസ്.സി/എസ്.റ്റി വിഭാഗത്തിലും ഇതര പിന്നോക്കവിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടോ; ഓരോ വിഭാഗത്തിന്റെയും എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>പ്രൊഫഷണൽ കോളേജുകളിലേക്കുള്ള കോഴ്സ് അലോട്ട്മെന്റ്</u>

3861 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള ഈ അധ്യയന വർഷത്തെ കോഴ്സ് അലോട്ട്മെന്റ് എന്നാണ് അവസാനിച്ചത്;

(ബി) അലോട്ട്മെന്റ് പൂർത്തിയായതിനുശേഷം ഓരോ പ്രൊഫഷണൽ കോഴ്സിലും എത്ര മെറിറ്റ് സീറ്റുകൾ വീതം ഒഴിഞ്ഞുകിടക്കുന്നുണ്ട് ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

3862 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.ടെക് കോഴ്സുകൾ നടത്തുന്ന എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്;

(ബി) ഇവയിൽ സംവരണ തത്വം പാലിക്കാത്ത കോളേജുകൾ ഏതെല്ലാം ;

(സി) പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ എം.ടെക് പ്രവേശനത്തിന് സംവരണം അട്ടിമറിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സെല്‍ഫ് ഫൈനാന്‍സിങ്ങ് കോളേജുകളിലെ അധ്യാപകര്‍ക്ക്
എ. ഐ. സി. റ്റി. ഇ. നിഷ്ക്കര്‍ഷിക്കുന്ന ആനുകൂല്യങ്ങള്‍</u>

3863 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെല്‍ഫ് ഫൈനാന്‍സിങ്ങ് എഞ്ചിനീയറിംഗ് കോളേജുകളില്‍ പഠിപ്പിക്കുന്ന അധ്യാപകര്‍ക്ക് മതിയായ യോഗ്യത ഉണ്ടോ എന്ന കാര്യം പരിശോധിക്കുമോ;

(ബി) എ. ഐ. സി. റ്റി. ഇ. നിഷ്ക്കര്‍ഷിക്കുന്ന ആനുകൂല്യങ്ങള്‍ അവര്‍ക്ക് അനുവദിക്കുന്നുണ്ടോ;

(സി) എ. ഐ. സി. റ്റി. ഇ. നിഷ്ക്കര്‍ഷിക്കുന്ന ആനുകൂല്യങ്ങള്‍ നല്‍കാത്ത കോളേജുകള്‍ക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകള്‍</u>

3864

ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗീകാരത്തോടുകൂടി വ്യത്യസ്ത യൂണിവേഴ്സിറ്റികള്‍ക്ക് കീഴില്‍ എത്ര എഞ്ചിനീയറിംഗ് കോളേജുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) സ്വാശ്രയ മേഖലയില്‍ കൃസ്ത്യന്‍, മുസ്ലീം, ഹൈന്ദവ മാനേജ്മെന്റുകള്‍ക്ക് കീഴില്‍ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവര്‍ത്തിക്കുന്നത് എന്ന് സമുദായം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ കോളേജിലും ഇപ്പോള്‍ ഓരോ സെമസ്റ്ററിലും പഠനം നടത്തുന്ന വിദ്യാര്‍ത്ഥികളുടെ മതവും ജാതിയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തലശ്ശേരി ആർട്സ് & സയൻസ് കോളേജ്</u>

3865 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

(സി) കോളേജ് ആരംഭിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ബി. ബി. എ. അദ്ധ്യാപകരുടെ ഒഴിവുകൾ

3866 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ ബി. ബി. എ. അദ്ധ്യാപകരുടെ എത്ര ഒഴിവുകളാണുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ എത്രയും പെട്ടെന്ന് പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്ത് അവ നികത്താൻ നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ചീമേനി ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ ബി.കോം കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി

3867 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ ബി.കോം കോഴ്സ് ആരംഭിക്കുന്ന ഏതുഘട്ടത്തിലാണെന്നും കോഴ്സ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കുന്ദമംഗലം ആർട്സ് & സയൻസ് കോളേജ്</u>

3868 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥാപനത്തിന്റേതായി എത്ര സ്ഥലമാണ് നിലവിലുള്ളത് ;

(സി) ഇവിടെ എത്ര ഉദ്യോഗസ്ഥൻമാരുണ്ട് ;

(ഡി) ഈ സ്ഥാപനം ഏത് വകുപ്പിന്റെ കീഴിലാണ് ;

(ഇ) ഈ സ്ഥലത്ത് ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ പുതിയ കോഴ്സുകൾ</u>

3869 ശ്രീ.കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ പുതിയ ഏതെല്ലാം കോഴ്സുകൾ നടത്തുന്നതിനാണ് സർക്കാരിന്റെ അനുമതിക്കായി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് അനുമതി നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

കല്‍പ്പറ്റ ഗവണ്‍മെന്റ് കോളേജില്‍ പുതിയ കോഴ്സ് അനുവദിക്കുന്നതിന് നടപടി

3870 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയിലെ കല്‍പ്പറ്റ എന്‍. എം. എസ്. എം. ഗവണ്‍മെന്റ് കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് അദ്ധ്യാപക രക്ഷാകര്‍തൃ സമിതിയുടെ നിവേദനം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച എം. എ. ഇംഗ്ലീഷ്, ബി. എസ്. സി. കമ്പ്യൂട്ടര്‍ സയന്‍സ് എന്നീ കോഴ്സുകള്‍ ആരംഭിക്കുന്നതിനുളള നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

കോളേജുകളിൽ പുതിയ കോഴ്സുകൾ

3871 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
പ്രൊഫ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ യൂണിവേഴ്സിറ്റികളിൽ നിന്ന് എന്തൊക്കെ നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുളളത്:

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർദ്ദേശിച്ചിട്ടുളളത്?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>പാഠ്യേതര വിഷയങ്ങൾ</u>

3872 ശ്രീ. പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠ്യേതര വിഷയങ്ങൾക്ക് യാതൊരു വിധ പ്രാധാന്യവും നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും പാഠ്യേതര വിഷയങ്ങളിൽ പങ്കെടുക്കുന്നതിനും, അവർക്കാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നു എന്നും ഉറപ്പ് വരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(സി) എൻ. സി. സി, സ്കൗട്ട്സ് & ഗൈഡ്സ്, കൾച്ചറൽ ക്ലബ്, ലൈബ്രറി സ്കീം തുടങ്ങിയ പരിപാടികളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിന് ഗ്രേസ്സ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം</u>

3873 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ തലത്തിൽ ഗണ്യമായ തോതിൽ കുട്ടികൾ കുറയുന്നത് നിലവിലുള്ള സിലബസിന്റെ നിലവാരക്കുറവുമൂലമാണെന്നും അതിനാലാണ് കുട്ടികൾ സി.ബി.എസ്.ഇ. ഐ.സി.എസ്.ഇ. സ്കൂളിൽ പ്രവേശനം നേടുന്നത് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിലവിലുള്ള സിലബസ് പരിഷ്ക്കരിച്ച് നിലവാരത്തകർച്ച പരിഹരിക്കാൻ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത്;

(സി) സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എൻ.സി.ഇ.ആർ.ടി സിലബസ് പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ നയങ്ങള്‍ പുനഃപരിശോധിക്കാന്‍ നടപടി</u>

3874 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ പാഠ്യപദ്ധതിയിലും പരീക്ഷാ നടത്തിപ്പിലും മുന്‍ സര്‍ക്കാരിന്റെ കാലത്ത് പരിഷ്കാരങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതെല്ലാം പരിഷ്കാരങ്ങളാണ് ഏര്‍പ്പെടുത്തിയത് വിശദമാക്കാമോ;

(സി) ഓണപ്പരീക്ഷ പുനഃസ്ഥാപിച്ചതു പോലെ കഴിഞ്ഞ സര്‍ക്കാരിന്റെ വിദ്യാഭ്യാസ നയങ്ങള്‍ പുനഃപരിശോധിക്കാനും ആരോഗ്യകരമായ മാറ്റങ്ങള്‍ വരുത്താനും തയ്യാറാകുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഗവേഷണ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതികൾ</u>

3875 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് ഗവേഷണ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനായി എന്തെങ്കിലും പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുണ്ടോ;

(ബി) ഇക്കാര്യത്തിന് കേന്ദ്ര സർക്കാരിൽ ഏതെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ</u>

3876 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പ്രകാരം സർക്കാർ ഹൈസ്കൂളുകൾക്ക് എത്ര ഫണ്ടനുവദിച്ചു ;

(ബി) ഈ പദ്ധതിയിൽ ഹയർ സെക്കണ്ടറിക്ക് ഫണ്ടനുവദിച്ച തുടങ്ങിയോ ;

(സി) പദ്ധതിയുടെ ഏകോപനത്തിനും ഫണ്ട് മോണിറ്ററിംഗിനുമായി ജില്ലാതല ഓഫീസുകൾ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ആർ.എം.എസ്.എ

3877 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ യിൽ ഉൾപ്പെടുത്തി എത്ര ഹൈസ്കൂളുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതിയിൻ കീഴിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക ചെലവഴിക്കുന്നതിനുള്ള മാർഗനിർദ്ദേശം നൽകാത്തത് കാരണം പല സ്കൂളുകളിലും കെട്ടിടം അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പി.റ്റി.എ ക്ക് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആർ.എം.എസ്.എ സ്കൂളുകൾക്ക് കെട്ടിടം</u>

3878 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരം 2009 -10-ൽ അനുവദിച്ചതും അപ്ഗ്രേഡ് ചെയ്തതും ആയ ഹൈസ്ക്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിനായി കേന്ദ്രം അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ആര്‍.എം.എസ് പദ്ധതി- ഭാഷാപഠനം

3879 ശ്രീ. എന്‍.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാരിന്റെ രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷക് അഭിയാന്‍ (ആര്‍.എം.എസ്.എ) പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലയില്‍ നടപ്പിലാക്കിവരുന്നുണ്ട്; ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) ആര്‍.എം.എസ്. പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളില്‍ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകള്‍ പഠിപ്പിക്കാന്‍ സംവിധാനമില്ലാത്തതിനാല്‍ വിദ്യാര്‍ത്ഥികള്‍ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ പ്രശ്നപരിഹാരത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എസ്.എസ്.എ ഫണ്ട് വിനിയോഗം</u>

3880 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ എസ്.എസ്.എ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഫണ്ടുകളുടെ വിനിയോഗം ഫലപ്രദമായിരുന്നോ എന്ന കാര്യം വിശദമാക്കുമോ ;

(സി) ഈ കാലഘട്ടങ്ങളിലെ ഫണ്ടു വിനിയോഗത്തിലെ സാമ്പത്തികാഴിമതിയെക്കുറിച്ചുള്ള അന്വേഷണം നടക്കുന്നുണ്ടോ ; അതിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എസ്.എസ്.എ. നടത്തിപ്പ്</u>

3881

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർവ്വശിക്ഷാ അഭിയാൻ-ന്റെ സുതാര്യമായ നടത്തിപ്പിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

**സര്‍വ്വശിക്ഷാ അഭിയാന്‍ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍**

3882 ശ്രീ. ഇ. പി. ജയരാജന്‍
'' എം. ഹംസ
'' കെ. കുഞ്ഞിരാമന്‍ (ഉദുമ)
'' ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്കൂളുകളില്‍ അടിസ്ഥാന സൗകര്യങ്ങള്‍ ലഭ്യമാക്കുന്നതിനുവേണ്ടി സര്‍വ്വശിക്ഷാ അഭിയാന്‍ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ് ;

(ബി) നിര്‍മ്മാണ പ്രവര്‍ത്തനങ്ങളുടെ മേല്‍നോട്ടവും ഉത്തരവാദിത്തവും ഏതെല്ലാം ഏജന്‍സികള്‍ക്കാണെന്ന് വ്യക്തമാക്കുമോ ;

(സി) നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങള്‍ എസ്.എസ്.എ. യ്ക്ക് റിപ്പോര്‍ട്ടു ചെയ്യാത്തതിനാല്‍ പ്രസ്തുത ഇനത്തില്‍ അനുവദിക്കപ്പെട്ട തുക വിനിയോഗിക്കപ്പെടാതെ കിടക്കുന്ന അവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ;

(ഇ) സര്‍ക്കാര്‍ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങള്‍ ഉറപ്പുവരുത്തുന്നതിന് എസ്.എസ്.എ. യുടെ മാനദണ്ഡങ്ങള്‍ പുതുക്കി നിശ്ചയിച്ച പദ്ധതികള്‍ പൂര്‍ത്തീകരിക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ബദൽ സ്കൂളുകൾ

3883 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുമതി ലഭിച്ച 124 ബദൽ സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്താത്തതുമൂലം ഫണ്ട് നഷ്ടമായിട്ടുണ്ടോ ;

(സി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പേരിൽ പുതുതായി എത്ര തസ്തിക കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പുതിയ വിദ്യാഭ്യാസ പാക്കേജ്

3884 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് അവസാനിപ്പിക്കാനും പുതിയ വിദ്യാഭ്യാസ പാക്കേജ് എത്രമാത്രം സഹായിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) ഇംഗ്ലീഷ് മീഡിയത്തിന് പ്രാമുഖ്യം നൽകി കരിക്കുലവും സിലബസും പരിഷ്ക്കരിക്കുമോ ;

(സി) നിലവിലുള്ള അദ്ധ്യാപകർക്ക് അദ്ധ്യാപനരീതികൾ അടക്കമുള്ള വിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുമോ ;

(ഡി) ഐ.ടി. അറ്റ് സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തി ആയത് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുമോ ;

(ഇ) അദ്ധ്യാപകരുടെ സംഘടനാ പ്രവർത്തനത്തിനും കുട്ടികളുടെ രാഷ്ട്രീയ പ്രവർത്തനത്തിനും പരമാവധി നിയന്ത്രണം ഏർപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

വിദ്യാഭ്യാസ പാക്കേജ്

3885 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഗുണനിലവാരം ഉള്ളതും കാര്യക്ഷമവുമാക്കുന്നതിനും ഈ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജിലെ പ്രത്യേകതകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുവാൻ വിദ്യാഭ്യാസ പാക്കേജിലെ ഗുണകരമായ സംഗതികൾ കാലതാമസംകൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജും സാമ്പത്തിക ബാദ്ധ്യതയും</u>

3886 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുമ്പോൾ പുതുതായി ഉണ്ടാകുന്ന സാമ്പത്തികബാധ്യത പരിശോധിച്ചിട്ടുണ്ടോ; പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത എത്രയാണ്;

(ബി) ഇതിലേക്കായി ബഡ്ജറ്റിൽ എന്ത് തുക അധികമായി വകയിരുത്തിയിട്ടുണ്ട്; കേന്ദ്രസഹായമായി ലഭിക്കുന്ന തുക എത്ര; പ്രതിവർഷം ശമ്പളം നൽകുന്നതിന് അധികമായി വരുന്ന ചെലവ് എത്ര;

(സി) മുൻ സർക്കാർ പ്രസ്തുത പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ പ്രാഥമികമായി കണക്കാക്കിയ ചെലവ് എത്രയായിരുന്നു. കേന്ദ്ര സഹായത്തിനുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടത് എപ്പോഴായിരുന്നു?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക പാക്കേജും വിദ്യാർത്ഥികളുടെ എണ്ണം</u>

3887 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക - വിദ്യാർത്ഥി അനുപാതത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുന്നത്;

(ബി) ഈ അദ്ധ്യായനവർഷത്തിൽ നടന്ന വിദ്യാത്ഥികളുടെ കണക്കെടുപ്പ് കൃത്യത ഉള്ളതല്ലെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) എങ്കിൽ വിദ്യാർത്ഥികളുടെ കണക്കെടുപ്പ് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) അദ്ധ്യാപക പാക്കേജിന്റെ ശരിയായ നടത്തിപ്പിന് വേണ്ടി വിദ്യാർത്ഥികളുടെ പുതിയ കണക്കെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ</u>

3888 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ആവശ്യമായ മൂത്രപ്പുര ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകൾക്കെതിരെ എന്ത് ശിക്ഷാ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികൾക്ക് ലാപ്ടോപ്പ്</u>

3889 ശ്രീ.ജോസഫ് വാഴക്കൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം സ്കൂളുകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ലാപ്ടോപ്പുകൾ ഏത് കമ്പനിയാണ് രൂപകല്പന ചെയ്തിട്ടുള്ളത് .

(ഡി) ഈ പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങള്‍</u>

3890 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ കെട്ടിടങ്ങളുടേയും, പഠിക്കാനുളള സൗകര്യങ്ങളുടേയും അപര്യാപ്തത പരിഹരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവരുന്നുണ്ട്;

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇത്തരം സ്ഥാപനങ്ങള്‍ക്ക് നല്‍കിവരുന്നത്;

(സി) കെട്ടിടങ്ങളുടെ അഭാവംമൂലം പല സര്‍ക്കാര്‍ വിദ്യാലയങ്ങളിലും പുതിയ ഡിവിഷനുകള്‍ തുടങ്ങാന്‍ സാധിക്കാത്ത അവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ</u>

3891 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുണ്ടോ ;

(ബി) അതിൽ സർക്കാർ സ്കൂളുകളെത്ര; എയ്ഡഡ് സ്കൂളുകളെത്ര ;

(സി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇവയുടെ കെട്ടിട നിർമ്മാണത്തിന്റെ ചുമതല ആർക്കാണ്;

(ഇ) കെട്ടിട നിർമ്മാണത്തിനാവശ്യമായ തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽ നിന്ന് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(എഫ്) എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ ഇതിനായി വിനിയോഗിക്കാമോ ; മറ്റേതൊക്കെ ഫണ്ടുകൾ ഇതിനായി ഉപയോഗിക്കാനാകും ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾ</u>

3892 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമില്ലാത്ത എത്ര സർക്കാർ സ്കൂളുകളുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് പണം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) കണ്ണൂർ ജില്ലയിൽ, സ്വന്തമായി സ്ഥലമില്ലാത്തതും സ്വകാര്യവ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ എത്ര സർക്കാർ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങൾ ഉണ്ട് ;

(ഡി) കെട്ടിടം പണിയാൻ പഞ്ചായത്തുകൾ ഫണ്ട് നൽകിയെങ്കിലും സ്വന്തമായി സ്ഥലമില്ലാത്തതിനാൽ ആയത് പ്രാവർത്തികമാക്കാൻ സാധിക്കാത്ത വിദ്യാലയങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് കൂടി പണം അനുവദിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഇംഗ്ലീഷ് നിലവാരം</u>

3893 ശ്രീ. കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിന് ഇംഗ്ലീഷ് മാതൃഭാഷയാക്കിയവരെ കൊണ്ട് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾവഴിയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇംഗ്ളീഷ് അദ്ധ്യാപകർക്ക് പരിശീലനം</u>

3894 ശ്രീ.എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിലെ ഇംഗ്ളീഷ് അദ്ധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി വിദേശരാജ്യങ്ങളിൽ നിന്നും അദ്ധ്യാപകരെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(സി) വിദേശത്തു നിന്നും അദ്ധ്യാപകരെ കൊണ്ടുവരുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റി ശുപാർശ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ഇംഗ്ലീഷ് ഭാഷാദ്ധ്യാപന പരിശീലനം</u>

3895 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അദ്ധ്യാപകരെ ഇംഗ്ലീഷ് ഭാഷാദ്ധ്യാപന പരിശീലനത്തിന്, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്ക് നിയോഗിക്കാറുണ്ടോ ;

(ബി) എത്ര അദ്ധ്യാപകർക്ക് ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഇംഗ്ലീഷ് ഭാഷാദ്ധ്യാപന പരിശീലനം ഇതേവരെ ലഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും</u>

3896 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം.എ. വാഹീദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ഒരു സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ സെന്റർ എവിടെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനുള്ള ചെലവ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വികലാംഗ വിദ്യാർത്ഥികളുടെ പഠന സൗകര്യം</u>

3897 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ഒറ്റ പ്പെൺകുട്ടി സ്കോളർഷിപ്പ്</u>

3898 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കുന്ന മാതൃകയിൽ ഒറ്റ പെൺകുട്ടി സ്കോളർഷിപ്പ് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് ;

(ബി) ഏതെല്ലാം ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കാണ് കേരള സർക്കാർ പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നത്;

(സി) പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്;

(ഡി) ഇതിനെ സംബന്ധിച്ച് ആർക്കെല്ലാമാണ് അപേക്ഷ നൽകാനുള്ളതെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഇ) കേരളസർക്കാരും, കേന്ദ്ര സർക്കാർ മുഖാന്തിരം കേരള സർക്കാരും നൽകുന്ന ഒറ്റ പെൺകുട്ടി സ്കോളർഷിപ്പിനെ സംബന്ധിച്ചുള്ള മുഴുവൻ ഉത്തരവുകളുടെയും കോപ്പി ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകൾക്ക് പാരിതോഷികം</u>

3899 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന സ്കൂളുകൾക്ക് ഈ വർഷവും പാരിതോഷികം നൽകുമോ ;

(ബി) അങ്ങനെയെങ്കിൽ ഓരോ ജില്ലയിലെയും വിദ്യാലയങ്ങളുടെ പേരും വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഒന്നാംക്ലാസ്സിലെ കുട്ടികളുടെ പ്രവേശനം

3900 ശ്രീ. റ്റി.എ. അഹമ്മദ് കബിർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ കുട്ടികളെ ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കുന്ന സർക്കാർ സ്കൂളുകൾക്ക് നല്കിവരുന്ന പ്രത്യേക പ്രോത്സാഹന ഗ്രാന്റ് പദ്ധതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ കലണ്ടർ</u>

3901 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കലണ്ടർ പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള പരീക്ഷ ഷെഡ്യൂൾ പാലിക്കുന്നുണ്ടോ ;

(ബി) മിഡ് ടേം പരീക്ഷ പ്രസ്തുത കലണ്ടർ പ്രകാരമാണോ നടത്തുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മാനസികമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ</u>

3902 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ബാബു എം. പാലിശ്ശേരി
,, എം. ചന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികമായി വെല്ലുവിളി നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ ഇത്തരം കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ഇത്തരം കുട്ടികളുടെ പഠന പദ്ധതികളിൽ പോരായ്മകളുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശാസ്ത്രീയ അനുപാത ക്രമത്തിൽ ഇതിനായി അദ്ധ്യാപകരെ നിയമിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തി നിറച്ച് കൊണ്ട് പോകുന്നതിനെതിരെ നടപടി</u>

3903 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ വാഹനങ്ങളിൽ കുട്ടികളെ കുത്തി നിറച്ച് കൊണ്ട് പോകുന്നത് ഇപ്പോഴും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂൾ അധികൃതർക്കെതിരെ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്കൂൾ വക വാഹനങ്ങളുടെ ഡ്രൈവർമാർക്കും ക്ലീനർമാർക്കും വിദ്യാഭ്യാസ വകുപ്പിൽ നിന്ന് എന്തെങ്കിലും ട്രെയിനിംഗ് നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തന രീതി</u>

3904 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രവർത്തന രീതി വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് എം. ജി. എൽ. സികൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ പഠിപ്പിക്കുന്ന എഡ്യൂക്കേഷൻ വാളണ്ടിയർമാരുടെ സേവന രീതിയും വേതനവും വ്യക്തമാക്കാമോ;

(ഡി) ഇവർക്കുള്ള ഓണറേറിയം യഥാസമയം നൽകാറുണ്ടോ; ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ടേം പരീക്ഷ</u>

3905 ശ്രീ.എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണ പരീക്ഷ എന്ന പേരിൽ ഒരു ടേം പരീക്ഷ കൂടി പുന:സ്ഥാപിച്ചശേഷം പ്രസ്തുത പരീക്ഷ നടത്തിപ്പ് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്രീയവിദ്യാലയങ്ങളിൽപോലും കേരളത്തിൽ നടപ്പിലാക്കിയതുപോലെ ആന്തരിക മൂല്യനിർണ്ണയം ശക്തിപ്പെടുത്തി രണ്ടുടേം പരീക്ഷ എന്ന നയം നടപ്പിലാക്കിയപ്പോൾ കേരളത്തിൽ അത് മൂന്നു പരീക്ഷ എന്ന നിലയിൽ തിരിച്ചുപോയതിന്റെ അക്കാദമിക യുക്തി എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>കളരിപ്പയറ്റ്</u>

3906 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളരിപ്പയറ്റ് ഏതെങ്കിലും ക്ലാസ്സിൽ ഒരു പഠനവിഷയമായി നിശ്ചയിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്ദേശ്യത്തോടുകൂടി കളരിപ്പയറ്റ് പരിശീലിപ്പിക്കുവാൻ കഴിവുള്ള യുവാക്കളുമായി അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

## പാഠ്യപദ്ധതിയിൽ കളരിപ്പയറ്റ്

3907 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാഠ്യ പദ്ധതിയിൽകളരിപ്പയറ്റ് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് കളരിപ്പയറ്റ് പരിശീലനം പൂർത്തിയാക്കിയ കളരിയഭ്യാസികളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) പ്രസ്തുത പരിശീലകർക്ക് എസ്.എസ്.എ ഫണ്ടിൽ നിന്നും റെമ്യൂണറേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതന വ്യവസ്ഥ</u>

3908 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതന വ്യവസ്ഥ നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ കാറ്റഗറിക്കും നിശ്ചയിച്ചിട്ടുളള ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ;

(സി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് മതിയായ ശമ്പളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പേരുവിവരം</u>

3909 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ദേവസ്വംബോർഡ് സ്ഥാപനങ്ങളിലെ ആർട്സ് ആന്റ് സയൻസ്, പ്രൊഫഷണൽ കോളേജുകൾ, മെഡിക്കൽ, പാരാമെഡിക്കൽ, ടെക്നിക്കൽ, പോളിടെക്നിക്, എന്നീ വിഭാഗങ്ങളിലെ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപരുടേയും മറ്റു ജീവനക്കാരുടേയും പേര് സ്ഥാപനം എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാണോ ; എങ്കിൽ സ്ഥാപനത്തിന്റെയും അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) എയ്ഡഡ് സ്ഥാപനങ്ങളിൽ സംവരണം പാലിക്കാൻ എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

സർക്കാർ ഹൈസ്കൂളില്ലാത്ത പഞ്ചായത്തുകൾ

3910 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ ഹൈസ്കൂളുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട് ;

(ബി) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഗവ: ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ എത്ര ; അവയേതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലത്തിലെ പഞ്ചായത്തുകളിൽ സർക്കാർ യു.പി. സ്കൂളുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഹൈസ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് നിർദ്ദേശമുണ്ടോ ;

(ഡി) കണ്ണൂർ ജില്ലയിൽ ഏതെങ്കിലും ഗവ: യു.പി സ്കൂളുകൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്താണ് ; യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ സർക്കാർ ഹൈസ്കൂളില്ലാത്ത പഞ്ചായത്തുകളിലെ സർക്കാർ യു.പി സ്കൂളുകൾക്ക് മുൻഗണന നല്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം</u>

3911 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അനുപാതം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംരക്ഷിത അദ്ധ്യാപകരായി എത്ര പേരുണ്ടെന്നും മറ്റ് കാരണങ്ങളാൽ ജോലി നഷ്ടപ്പെടാൻ ഇടയുള്ള അദ്ധ്യാപകർ എത്ര ഉണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സര്‍ട്ടിഫിക്കറ്റിലെ തെറ്റുകള്‍ തിരുത്തുന്നതിന് നടപടി</u>

3912 **ശ്രീ. പി. ബി. അബ്ദുള്‍ റസാക്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ സി. ബി. എസ്. ഇ. യില്‍ പഠിക്കുന്ന കുട്ടികളുടെ സര്‍ട്ടിഫിക്കറ്റിലെ തെറ്റുകള്‍ തിരുത്തുന്നതിന്റെ നടപടിക്രമങ്ങള്‍ വ്യക്തമാക്കുമോ;

(ബി) സര്‍ട്ടിഫിക്കറ്റിലെ തെറ്റുകള്‍ തിരുത്തുന്നതിന് ചെന്നൈയിലുള്ള സോണല്‍ ഓഫീസിനെ സമീപിക്കേണ്ടി വരുന്നതും, കര്‍ശനമായ നടപടിക്രമങ്ങള്‍ കാരണവും ധാരാളം കുട്ടികള്‍ക്ക് പ്രയാസമുണ്ടാകുന്നത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) സി. ബി. എസ്. ഇ. സര്‍ട്ടിഫിക്കറ്റുകളിലെ തെറ്റുകള്‍ തിരുത്തി നല്‍കുന്നതിന് കേരളത്തില്‍ സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നടപടിക്രമങ്ങള്‍ ലഘൂകരിക്കുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ്</u>

3913

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് അപകട ഇൻഷ്വറൻസ് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് അവസാനമായി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വിദ്യാർത്ഥികൾക്ക് അപകടമരണം സംഭവിച്ചാൽ ലഭിക്കുന്ന ഇൻഷ്വറൻസ് തുക എത്രയാണ്;

(സി) അത് ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സര്‍വ്വീസ് സംഘടനകളുടെ അംഗീകാരവും റഫറണ്ടവും</u>

3914 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അദ്ധ്യാപക സംഘടനകളെ അംഗീകരിക്കുന്നതിന് റഫറണ്ടം ഏര്‍പ്പെടുത്താന്‍ മുന്‍ സര്‍ക്കാരിന്റെ കാലത്ത് തീരുമാനിച്ചതനുസരിച്ച് ഈ സര്‍ക്കാര്‍ ആയത് നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ സിവില്‍ സര്‍വ്വീസ് സംഘടനകളുടെ അംഗീകാരവും റഫറണ്ടം രീതിയില്‍ തന്നെ നടപ്പിലാക്കാന്‍ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ്</u>

3915 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ പ്രവർത്തനപുരോഗതി വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കൊഴിഞ്ഞുപോക്ക്</u>

3916 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലകളിലെ വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഈ മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൊഴിഞ്ഞു പോയ വിദ്യാർത്ഥികളുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി കൂടുതൽ കുട്ടികളെ ആകർഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിനനുസരിച്ച് അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ കാരണങ്ങൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഐ.ടി. സംബന്ധമായി ചെലവാക്കിയ തുക</u>

3917 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി സംബന്ധമായി വിദ്യാഭ്യാസ വകുപ്പ് 2006-2011 കാലയളവിൽ ചെലവാക്കിയ തുകയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഇതിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങളിൽ ഇപ്പോൾ ഉപയോഗയോഗ്യമായവ ഏതെല്ലാമാണ് ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ വാങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം</u>

3918 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന എൽ. പി. സ്കൂളുകൾ മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെയുള്ളവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഡി) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള കണക്കും ഉദ്യോഗസ്ഥൻമാരുടെ എണ്ണവും വ്യക്തമാക്കാമോ;

(ഇ) ഓരോ റവന്യൂ ജില്ലയിലും എത്ര വിദ്യാഭ്യാസ ജില്ലകൾ ഉണ്ടെന്ന് അറിയിക്കുമോ;

(എഫ്) ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമായിട്ടുള്ള ജില്ലകൾ ഏതെല്ലാമാണ്; ഈ കുറവു നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സി.സി.ഇ.ആര്‍.റ്റി. അദ്ധ്യാപകര്‍ക്കായി നടത്തുന്ന വിവിധ കള്‍ച്ചറല്‍ പ്രോഗ്രാമുകള്‍</u>

3919 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര മന്ത്രാലയത്തിന്റെ കീഴില്‍ പ്രവര്‍ത്തിക്കുന്ന സി.സി.ഇ. ആര്‍.റ്റി അദ്ധ്യാപകര്‍ക്കായി നടത്തുന്ന വിവിധ കള്‍ച്ചറല്‍ പ്രോഗ്രാമുകളില്‍ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാര്‍ഗ്ഗ രേഖകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിലേക്കായി അദ്ധ്യാപകരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഓരോ വിദ്യാഭ്യാസ ജില്ലകളിലുമുള്ള സി.സി.ഇ.ആര്‍.റ്റി റിസോഴ്സ് അദ്ധ്യാപകനില്‍ മാത്രം നിക്ഷിപ്തമാണോ ; വിശദമാക്കുമോ ;

(ബി) വിവിധ കോഴ്സുകള്‍ക്ക് അന്യസംസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകര്‍ക്ക് സി.സി.ഇ.ആര്‍.റ്റി. നല്‍കുന്ന വിവിധ വിദ്യാഭ്യാസ കിറ്റുകള്‍ ബന്ധപ്പെട്ട അദ്ധ്യാപകര്‍ ജോലി ചെയ്യുന്ന വിദ്യാലയങ്ങളിലെ പൊതു നിക്ഷേപമായി മാറുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കാനുള്ള സംവിധാനം നിലവ ിലുണ്ടോ ;

(സി) സി.സി.ഇ.ആര്‍.റ്റി. യില്‍ നിന്ന് ലഭിക്കുന്ന വിവിധ വിദ്യാഭ്യാസ കിറ്റുകള്‍ ഓഡിറ്റ് ചെയ്യാന്‍ ചുമതലപ്പെട്ട സര്‍ക്കാര്‍ ഏജന്‍സിയുണ്ടോ; ഉണ്ടെങ്കില്‍ അത് ആരെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകർക്ക് കൺസൻഷൻ നിരക്കിൽ കമ്പ്യൂട്ടർ വിതരണം</u>

3920 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകർക്ക് കൺസഷൻ നിരക്കിൽ കമ്പ്യൂട്ടർ വിതരണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് വേണ്ടി സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(സി) നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്പെഷ്യൽ ടീച്ചർമാർ സർവ്വീസിൽ നേരിടുന്ന പ്രശ്നങ്ങൾ</u>

3921 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ടീച്ചർമാർ സർവ്വീസിൽ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ ടീച്ചർമാരുടെ സർവ്വീസ് പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

3922 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മുളക്കുഴ വില്ലേജിൽ നെടുംകളത്തി വടക്കേക്കരവീട്ടിൽ രവീന്ദ്രൻ പി. ജി. എന്നയാളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത അപേക്ഷകന് എന്ന് നിയമനം ലഭിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അപേക്ഷ ഇപ്പോൾ ഏത് ഓഫീസിൽ ഏത് ഫയൽ നമ്പറിലാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിലെ ഗവണ്‍മെന്റ് ഹൈസ്കൂളുകളുടെ വിശദാംശം

3923 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി ജില്ലയില്‍ 2009 നു ശേഷം അനുവദിച്ച ഗവണ്‍മെന്റ് ഹൈസ്ക്കൂളുകളുടെ വിശദാംശം നല്‍കുമോ;

(ബി) ജില്ലയില്‍ ആകെ എത്ര ഗവണ്‍മെന്റ് ഹൈസ്കൂളുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്; വിശദാംശം നല്‍കുമോ;

(സി) പുതിയതായി അനുവദിച്ച ഹൈസ്കൂളുകളില്‍ അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; പ്രസ്തുത സ്കൂളുകളിലേയ്ക്ക്
പി. എസ്. സി. മുഖേന അദ്ധ്യാപകരെ നിയമിച്ചുതുടങ്ങിയോ;

(ഡി) ജില്ലയിലെ ഗവണ്‍മെന്റ് ഹൈസ്ക്കൂളുകളില്‍ അദ്ധ്യാപകരുടെ അഭാവം ഉണ്ടെന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) നിലവില്‍ ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) എച്ച്. എസ്. എ.യുടെ നിലവിലുള്ള പി. എസ്. സി. ലിസ്റ്റുകളിലെ നിയമനനില സംബന്ധിച്ച വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ പുതിയ പ്ലസ് ടു കോഴ്സുകൾ</u>

3924 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ അധ്യയന വർഷം പ്ലസ്ടുവിന് പുതുതായി എത്ര സീറ്റുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അധ്യയന വർഷം ഏതെല്ലാം വിദ്യാലയങ്ങളിൽ പ്ലസ്ടു സീറ്റുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ ഈ വർഷം പ്ലസ്ടു പഠനത്തിന് അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക് സഹായകരമാവത്തക്ക വിധത്തിൽ പുതുതായി ഹയർസെക്കണ്ടറി സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂൾ നിലവിലുള്ളിടത്ത് പുതിയ ഡിവിഷനുകളും അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്</u>

3925 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഡയറക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഈ തസ്തികയിൽ ആരെയാണ് നിയമിച്ചിരിക്കുന്നത്;

(സി) ഈ നിയമനത്തിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ;

(ഡി) ഈ തസ്തിക സൃഷ്ടിച്ചത് എന്നാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം

3926 ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍
,, തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതില്‍ ഉണ്ടാകുന്ന കാലതാമസവും അഴിമതിയും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് വര്‍ഷങ്ങളുടെ കാല താമസം ഉണ്ടാകുന്നത് സംബന്ധിച്ച് അന്വേഷണം നടത്താന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.റ്റി മാത്തമാറ്റിക്സ് നിയമനം</u>

3927 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 ൽ മലബാർ മേഖലയിൽ പുതുതായി എച്ച്.എസ്.എസ്.റ്റി. മാത്തമാറ്റിക്സ് ഒഴിവിലേക്ക് അനധികൃതമായി 83 പേർക്ക് മുൻ സർക്കാർ നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ ജീവനക്കാരുടെ പുനർനിയമനം

3928 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർവ്വശിക്ഷാ അഭിയാനിൽ പ്രവർത്തിച്ചിരുന്ന എത്ര ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളുടെ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ചു ഉത്തരവായിട്ടുണ്ട് ;

(ബി) അവരിൽ എത്രപേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട് ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്.എസ്.എ. യിൽ ജോലി ചെയ്തിരുന്നവർക്ക് വിദ്യാഭ്യാസ വകുപ്പിൽ പുനർനിയമനം നൽകാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുനർനിയമനംവരെയുള്ള കാലയളവിൽ അവരുടെ സേവനരീതി എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പുനർനിയമനം വൈകിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ്</u>

3929 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ നിന്നും ഡി.ഡി.ഇ. ഓഫീസിലേയ്ക്ക് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ഒഴിവുകളെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.10.2011-ലെ മറുപടിക്ക്**

<u>അദ്ധ്യാപകരുടെ സ്ഥലമാറ്റത്തിന് മാനദണ്ഡം</u>

3930 ശ്രീമതി. ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയത് എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തമിഴ് വിഭാഗം അദ്ധ്യാപകരുടെ ഒഴിവ്</u>

3931 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എൽ.പി. എസ്.എ. തമിഴ് വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ ഒഴിവ് നിലവിലുണ്ട്;

(ബി) എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എ ഫിസിക്കൽ സയൻസ്
തസ്തികകളിൽ ഒഴിവുകൾ</u>

3932 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികകയിൽ പി. ഡി. ടീച്ചർ/ എൽ. പി. എസ്.എ/യു. പി. എസ്.എ തസ്തികകളിൽ നിന്നും പ്രമോഷൻ വഴി നികത്തുവാനുള്ള ഒഴിവ് നിലവിലുണ്ടോ;

(സി) ഇപ്രകാരം അവസാനമായി നിയമനം നല്കിയത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രമോഷനുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ; നിലവിലില്ലെങ്കിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ഇംഗ്ലീഷ് അദ്ധ്യാപകരുടെ കുറവ്

3933 ശ്രീ.വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ സർക്കാർ ഹൈസ്ക്കൂളുകളിൽ നിശ്ചിത യോഗ്യതയുള്ള ഇംഗ്ലീഷ് അദ്ധ്യാപകരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുവാൻ നിശ്ചിത യോഗ്യതയുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രമോഷൻ നൽകി ഹൈസ്ക്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകരായി നിയമിക്കുമോ ;

(സി) 2000 നുശേഷം തിരുവനന്തപുരം ജില്ലയിലെ സർക്കാർ ഹൈസ്ക്കൂളുകളിൽ നിലവിലുള്ള ഇംഗ്ലീഷ് അദ്ധ്യാപക തസ്തികകൾക്ക് ആനുപാതികമായി പ്രൈമറി അദ്ധ്യാപകർക്ക് പ്രമോഷൻ നൽകി എച്ച്.എസ്.എ. ഇംഗ്ലീഷ് ആയി നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്തിട്ടുള്ള വിദ്യാലയങ്ങളിൽ അദ്ധ്യാപക തസ്തിക</u>

3934 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ പ്രകാരം പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ്ചെയ്തിട്ടുള്ള ഇരുപതോളം വിദ്യാലയങ്ങളിൽ അറബി, ഉറുദു, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾക്ക് അദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികയിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ശ്രീമതി കെ. ടി. നളിനകുമാരിയുടെ
പെന്‍ഷന്‍ ആനുകൂല്യങ്ങള്‍

3935 ഡോ. കെ.ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരൂര്‍ വിദ്യാഭ്യാസ ജില്ലയിലെ കോലളമ്പ് ജി.എച്ച്. ഡബ്ലിയു.എല്‍.പി.എസ്.-ല്‍ ഹെഡ്മിസ്ട്രസ്സായിരുന്ന ശ്രീമതി. കെ.ടി. നളിനകുമാരി 31.03.2011-ല്‍ സര്‍വ്വീസില്‍ നിന്നും വിരമിച്ചിട്ടും പെന്‍ഷനും മറ്റാനുകൂല്യങ്ങളും ലഭിക്കാത്ത വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ശ്രീമതി. നളിനകുമാരിയുടെ പേരിലുളള 77102/ജ1/2009/ പൊതുവിദ്യാഭ്യാസ വകുപ്പ് നമ്പര്‍ ഫയലിന്‍മേല്‍ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 17140-എ-റൂള്‍സ് അ നമ്പര്‍ ഫയലിന്മേല്‍ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ഇ) 10.03.1975 മുതല്‍ 02.07.1976 വരെയുള്ള സര്‍വ്വീസ് ബ്രേക്ക് ഒരു പ്രത്യേക ഉത്തരവിലൂടെ സാധൂകരിച്ച് ഇന്‍ക്രിമെന്‍റ്, ഗ്രേഡ്, ശമ്പളപരിഷ്ക്കരണം എന്നിവയ്ക്ക് പരിഗണിക്കുവാന്‍ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

(എഫ്) 34 വര്‍ഷവും രണ്ടുമാസവും റഗുലര്‍ സര്‍വ്വീസില്‍ ജോലി ചെയ്ത ടിയാള്‍ക്ക് എന്ന് ആനുകൂല്യങ്ങള്‍ നല്‍കുവാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പി. കെ. സുലൈമാന്റെ പെൻഷൻ ആനുകൂല്യങ്ങൾ</u>

3936 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടുതല എൽ. എഫ്. എൽ. പി. സ്കൂൾ റിട്ടയേർഡ് അറബിക് അധ്യാപകൻ ശ്രീ. പി. കെ. സുലൈമാൻ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അധ്യാപകന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച അപേക്ഷയിൽ സത്വര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ പാചകത്തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി</u>

3937 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ ഉച്ചക്കഞ്ഞിവിതരണവുമായി ബന്ധപ്പെട്ട് എത്ര പാചകത്തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; ഇവരെ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നുണ്ടോ; എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; മിനിമം ശമ്പളം എത്ര രൂപയാണ്;

(ബി) മുൻ സർക്കാർ വർദ്ധിപ്പിച്ച 150/- രൂപ മിനിമം ശമ്പളം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ നൽകുന്നില്ല; പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത തൊഴിലാളികളുടെ ശമ്പളം ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്; ശമ്പളം എല്ലാ മാസവും മുടങ്ങാതെ നൽകുന്നുണ്ടോ;

(ഡി) പ്രസ്തുത തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകരുടെ ദിവസവേതനം</u>

3938 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ദിവസവേതനക്കാരായ അദ്ധ്യാപകർക്ക് വേതനം വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസവേതനം

3939 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ഡോ. കെ. ടി. ജലീൽ
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസ വേതനം പരിഷ്കരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ വ്യക്താമാക്കാമോ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിലുള്ളവരെ വേതന പരിഷ്കരണത്തിൽ നിന്നും ഒഴിവാക്കാനുള്ള സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ശ്രീമതി. കെ. ആർ. ശ്രീലേഖയുടെ ശമ്പളം

3940 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചിറയിൻകീഴ് എസ്. സി. വി. ബി. എച്ച്. എസ് അദ്ധ്യാപികയായ ശ്രീമതി കെ. ആർ. ശ്രീലേഖയുടെ ശമ്പളം 01-08-2010 മുതൽ തടഞ്ഞുവച്ചിരിക്കുന്നതു സംബന്ധിച്ച പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) തടഞ്ഞുവച്ചിരിക്കുന്ന ശമ്പളം അനുവദിക്കണമെന്നുളള 17-08-2011 ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അദ്ധ്യാപികയ്ക്ക് ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ അദ്ധ്യാപികയുടെ അർഹതപ്പെട്ട ലീവ് സറണ്ടർ മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എയ്ഡഡ് സ്കൂളിൽ പുതിയതായി നിലവിൽ വരാൻ സാദ്ധ്യതയുള്ള റഗുലർ വേക്കൻസിയിൽ പ്രൊമൊഷൻ നൽകി നിയമിക്കുന്ന അധ്യാപകർക്ക് പ്രൊമോഷനുമുൻപ് അവർ കൈപ്പറ്റിയിരുന്ന ശമ്പളം അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഉത്തരവ് നിലവിലുണ്ടെങ്കിൽ പ്രസ്തുത തസ്തികയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്ന അധ്യാപകർക്ക് സ്ഥലം മാറ്റുന്നതിനുമുൻപ് അവർ വാങ്ങിക്കൊണ്ടിരുന്ന ശമ്പളംഅനുവദിക്കുന്നതിന് എന്താണ് നിയമതടസ്സമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പാചകതൊഴിലാളികൾക്ക് നൽകിവരുന്ന കൂലി

3941 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ പാചക തൊഴിലാളികളുടെ എണ്ണം എത്രയാണെന്നും അവർക്ക് നൽകി വരുന്ന കൂലി എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) പാചകതൊഴിലാളികളുടെ ജോലിഭാരം വർദ്ധിച്ചതനുസരിച്ച് കൂലിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ഏറ്റവും ഒടുവിലായി അവരുടെ കൂലി വർദ്ധിപ്പിച്ചതെപ്പോഴാണ് ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) എല്ലാ പാചകതൊഴിലാളികൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത വിഭാഗം തൊഴിലാളികളുടെ ക്ഷേമനിധി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) എല്ലാ പാചകതൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഗസ്റ്റ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

3942 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എയ്ഡഡ് കോളേജുകളിൽ /സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയെന്നും പ്രതി ദിന/മാസ വേതനം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) യു. ജി.സി അനുശാസിക്കുന്ന വേതനം നിലവിൽ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) നെറ്റ് യോഗ്യത ഇല്ലാത്ത ഗസ്റ്റ് അദ്ധ്യാപകരുടെ സേവന വേതനവ്യവസ്ഥ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) നെറ്റ് യോഗ്യത ഇല്ലാത്ത ഗസ്റ്റ് അദ്ധ്യാപകരുടെ സേവനത്തിന് ആനുപാതികമായി വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

തൃത്താല നിയോജക മണ്ഡലത്തിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

3943 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃത്താല നിയോജക മണ്ഡലത്തിൽ ആർ.എം.എസ്.എ (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാലയങ്ങളിൽ പ്രധാനദ്ധ്യാപകർ, മറ്റ് അദ്ധ്യാപകർ, ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ നികത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇങ്ങനെ അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളിൽ പ്രധാനാദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഹൈസ്ക്കൂളായി ഉയർത്തുന്ന യു. പി. സ്കൂളുകൾ</u>

3944 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഗവൺമെന്റ് യു. പി. സ്ക്കൂളുകളാണ് ഇനി ഹൈസ്ക്കൂളായി ഉയർത്താനുള്ളത് ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി നിയോജക മണ്ഡലത്തിൽ എൽ.പി. സ്കൂൾ അനുവദിക്കുന്നതിന് നടപടി</u>

3945 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ പഴമ്പറമ്പ് എന്ന സ്ഥലത്ത് ഒരു എൽ.പി. സ്കൂൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറ്റപ്പെട്ട് കിടക്കുന്ന ഈ പ്രദേശത്തെ ഹരിജൻ കോളനിയിലേതുൾപ്പെടെ 400 - ൽ പ്പരം കടുംബങ്ങൾക്ക് ഏറെ ഗുണകരമാകും എന്നത് കണക്കിലെടുത്ത് എൽ. പി. സ്കൂൾ പഴമ്പറമ്പ് പ്രദേശത്ത് അനുവദിക്കാൻ നടപടി സ്വീകരിക്കണം;

(സി) 1982 - ൽ സർക്കാർ അനുവദിച്ച യു.പി സ്കൂൾ എൽ. പി. സ്കൂളാക്കി മാറ്റണമെന്ന ആവശ്യത്തിൻ മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ് മാത്സ് അദ്ധ്യാപകരുടെ ഒഴിവ്</u>

3946 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്. മാത്സ് അദ്ധ്യാപക തസ്തികയിൽ എത്ര എൻ.ജെ.ഡി ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) 19.8.2011 ന് ഹയർ സെക്കണ്ടറി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച 77 ഒഴിവുകൾ കൂടാതെ മറ്റേതെങ്കിലും ഒഴിവുകൾ സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ടവരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളും കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്. മാത്സ് അദ്ധ്യാപകരുടെ ഒഴിവ്</u>

3947 ശ്രീ. സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

19.8.2011 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്. മാത്സ് അദ്ധ്യാപകരുടെ ഒഴിവ് സംബന്ധിച്ച പരസ്യം റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വൈക്കം ഗവ: സ്കൂളുകളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ</u>

3948 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിന്റെ പരിധിയിൽ വരുന്ന ഗവൺമെന്റ് സ്കൂളുകളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പി. ഡി. ടീച്ചര്‍ തസ്തിക</u>

3949 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി. ഡി. ടീച്ചര്‍ തസ്തിക എന്നുമുതലാണ് എല്‍. പി. എസ്. എ., യു. പി. എസ്.എ എന്നിങ്ങനെ പ്രത്യേകമായി നിയമിക്കാന്‍ തീരുമാനമായത്;

(ബി) പ്രസ്തുത തീയതിക്ക് മുന്‍പ് നിയമിതരായവര്‍ എല്‍. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലും ജോലി നോക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കില്‍ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) എല്‍. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലും ഡിവിഷന്‍ ഫാള്‍ ഉണ്ടായാല്‍ ട്രാന്‍സ്ഫര്‍ ആകേണ്ടിവരുന്ന ജൂനിയര്‍ ടീച്ചര്‍മാരെ നിശ്ചയിക്കുന്നതിന് പ്രത്യേക മാര്‍ഗ്ഗനിര്‍ദ്ദേശം ഉണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയങ്ങളില്‍ കൂടുതല്‍ വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>പെരുമ്പഴുതൂര്‍ ഹൈസ്കൂളിന് മന്ദിരം</u>

3950 ശ്രീ. ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെയ്യാറ്റിന്‍കര മണ്ഡലത്തില്‍പ്പെട്ട പെരുമ്പഴുതൂര്‍ ഹൈസ്കൂളില്‍ കുട്ടികള്‍ക്ക് ഇരുന്ന് പഠിക്കുന്നതിനുള്ള സൗകര്യം ഇല്ലായെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) നിര്‍ദ്ധന വിദ്യാര്‍ത്ഥികള്‍ പഠിക്കുന്ന പ്രസ്തുത സ്കൂളിന് പുതിയ മന്ദിരം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവും ഭൗതിക സാഹചര്യവും ഒരുക്കുന്നതിന് നിലവില്‍ എന്തെല്ലാം പദ്ധതികാണുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ചടയമംഗലം മണ്ഡലത്തിലെ സ്കൂളുകളിൽ പുതിയ പ്ലസ് ടു ബാച്ചുകൾ</u>

3951 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ / എയ്ഡഡ് മേഖലയിലെ എത്ര സ്കൂളുകളിൽ ഈ വർഷം പുതിയ പ്ലസ് ടു കോഴ്സുകൾക്ക് അനുമതി നനൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര സ്കൂളുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചുവെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(സി) ചടയമംഗലം മണ്ഡലത്തിലെ എത്ര സ്കൂളുകളിൽ പ്ലസ് ടു വിന് പുതിയ ബാച്ചുകൾക്ക് അംഗീകാരം നൽകിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അൺ എയിഡഡ് വിദ്യാലയങ്ങളിലെ ഭരണപരമായ കാര്യങ്ങൾ</u>

3952 ശ്രീ.കെ.ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയിഡഡ് വിദ്യാലയങ്ങളിൽ ഭരണപരമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദികരിക്കാമോ ;

(ബി) അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ കേരള വിദ്യാഭ്യാസ നിയമം കേരള വിദ്യാഭ്യാസ ചട്ടം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അൺ എയിഡഡ് സ്കൂളുകളിലെ ഭരണപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് ഒരു സംവിധാനം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് മേഖലകളിൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ</u>

3953 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലകളിൽ എത്ര ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററുകൾ (ടി. ടി. സി.) പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ മുസ്ലീം, ക്രിസ്ത്യൻ, ഹൈന്ദവ മാനേജ്മെന്റുകൾക്ക് ഓരോന്നിനും എത്ര വീതം സ്ഥാപനങ്ങളാണുള്ളത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ ഗ്രൗണ്ടിലൂടെ പൊതുവഴി</u>

3954 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടപ്പാൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിലൂടെ പൊതുവഴി അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജക മണ്ഡലത്തിലെ അദ്ധ്യാപകരുടെ ഒഴിവുകൾ</u>

3955

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും വിഷയത്തിൽ താല്ക്കാലിക അദ്ധ്യാപകരെ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് വിഷയത്തിന് ഏത് സ്കൂളിൽ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

മുഴപ്പിലങ്ങാട് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം

3956 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ മുഴപ്പിലങ്ങാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടങ്ങൾ തകർന്ന് വീഴാറായതും അടിസ്ഥാന സൗകര്യ കുറവുള്ളതും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യം ഏർപ്പെടുത്തുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

**അദ്ധ്യയന ദിവസങ്ങൾ അഞ്ച് ആയി പുനർ നിർണ്ണയം ചെയ്യുന്നതിന് നടപടികൾ**

3957 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തലങ്ങളിലെ അദ്ധ്യയന ദിവസങ്ങൾ അഞ്ച് ആയി പുനർ നിർണ്ണയം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലുളള സംവിധാനം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായുളള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഹൈസ്കൂൾ അസിസ്റ്റന്റ്മാർക്ക്
എച്ച്.എസ്.എസ്.റ്റി (ബോട്ടണി)

3958 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 ൽ നിലവിൽ വന്ന ഹൈസ്കൂൾ അസിസ്റ്റന്റ് മാരെ എച്.എസ്.എസ്.റ്റി ബോട്ടണി (ജൂനിയർ ആന്റ് സീനിയർ) ആയി നിയമിക്കുന്നതിനുള്ള ബൈട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ബൈട്രാൻസ്ഫർ പോസ്റ്റിൽ ഏത് വർഷംവരെയുള്ള ഒഴിവുകളാണ് പി.എസ്സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ആ ഒഴിവുകൾ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) 2008 ലെ ബൈട്രാൻസ്ഫർ ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ; പുതിയ ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ; പഴയ ലിസ്റ്റിൽ നിന്നും ഇനിയുള്ള വേക്കൻസികൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നിലവിൽ എത്ര ബൈട്രാൻസ്ഫർ ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

(എഫ്) ബൈട്രാൻസ്ഫർ എച്.എസ്.എ. ബോട്ടണി ഒഴിവിലേക്ക് പുതിയ അപേക്ഷ സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പുതിയ അപേക്ഷ സ്വീകരിക്കുന്നത്വരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറിയിൽ കായികാദ്ധ്യാപകരുടെ തസ്തികകൾ

3959 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറിയിൽ കായികപഠനത്തിന് പിരീഡുകൾ നീക്കിവെച്ചിട്ടും കായികാദ്ധ്യാപകരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള തടസ്സമെന്താണ് ;

(ബി) കായികാദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

കെ.എ.എസ്.ഇ.പി.എഫ് ക്രെഡിറ്റ് കാർഡ് വിതരണം

3960 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഏതു സാമ്പത്തിക വർഷം വരെയുള്ള കെ.എ.എസ്.ഇ.പി.എഫ് ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2010-11 വർഷത്തെ ക്രെഡിറ്റ് കാർഡ് നൽകി കഴിഞ്ഞിട്ടുണ്ടോ;

(സി) വിതരണത്തിലുണ്ടാകുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ഡി) പുനലൂർ സെന്റ് ഗൊരേറ്റി സ്കൂളിലെ ഹൈസ്കൂൾ അസിസ്റ്റന്റ് ശ്രീമതി ജാനറ്റ് ഫ്രാൻസിസിന് (2010-11)ലെ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥി സംവരണം</u>

3961 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ വിദ്യാർത്ഥി പ്രവേശനത്തിന് അനുവദിച്ചിട്ടുള്ള മെരിറ്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, എസ്. സി./എസ്. ടി., ഒ. ബി. സി. ക്വാട്ടകൾ എന്നിവ ഓരോന്നും എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>സീനിയോറിറ്റി ലിസ്റ്റും അംഗീകാരവും</u>

3962

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ജനുവരി ഒന്ന് കണക്കാക്കി വർഷം തോറും തയ്യാറാക്കുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിന് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ച് ഡിപ്പാർട്ട്മെന്റ് അംഗീകാരം നൽകാറുണ്ടോ;

(ബി) പല എയ്ഡഡ് സ്കൂൾ മാനേജർമാരും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷാവർഷം സീനിയോറിറ്റി ലിസ്റ്റിന് അംഗീകാരം വാങ്ങിക്കാത്ത മാനേജർമാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുമോ;

(ഡി) വടകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ചില സ്കൂളുകൾ സീനിയോറിറ്റി ലിസ്റ്റിന് യഥാസമയം അംഗീകാരം വാങ്ങിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരം മാനേജ്മെന്റുകളുടെ പേര് വിവരം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ലാബ് അസിസ്റ്റന്റ് നിയമനം</u>

3963 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ 28.03.2003 വരെയുള്ള കാലയളവിൽ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിയമിതരായ ലാബ് അസിസ്റ്റന്റുമാർക്ക് നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രവർത്തനത്തിനായി ക്ലാർക്ക്, ലൈബ്രേറിയൻ, പ്യൂൺ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂൾ മാനേജ്മെന്റിന്റെ നിയന്ത്രണം</u>

3964 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളുടെ വ്യക്തിഗത മാനേജർമാരല്ലാത്ത മാനേജ്മെന്റ് കമ്മിറ്റികൾ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുസരിച്ച് കൃത്യമായി കമ്മിറ്റികൾ ചേർന്ന് തെരഞ്ഞെടുപ്പും മറ്റ് പ്രവർത്തനങ്ങളും സുതാര്യമായി നിർവ്വഹിച്ച് കൊണ്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാറുണ്ടോ;

(ബി) എയ്ഡഡ് സ്കൂൾ മാനേജ്മെന്റിന്റെ നിയന്ത്രണത്തിനും മേൽനോട്ടത്തിനും കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ എന്തെല്ലാം അധികാരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എൽ.ബി.എസ്. ന്റെ കീഴിൽ വിവിധ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ</u>

3965 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്.ന്റെ കീഴിൽ വിവിധ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് 137/4771/09 തിയതി 28-10-2010 ൽ അപേക്ഷ സ്വീകരിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 300 ഉം 500 ഉം രൂപ അപേക്ഷ ഫീസായി വാങ്ങി നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളിലെ നിയമനത്തിനാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും അപേക്ഷ ക്ഷണിച്ച ഓരോ തസ്തികകളിലും നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ റിക്കാർഡിൽ തിരുത്തലുകൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ</u>

3966 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിന് അധികാരം ആർക്കാണ് എന്നും അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും വ്യക്തമാക്കുമോ ;

(ബി) ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനതീയതി തിരുത്തുന്നതിന് പരീക്ഷാ പാസായിട്ട് 15 വർഷത്തിന് ശേഷം സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക അനുമതി ആവശ്യമാണോയെന്ന് അറിയിക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>നഹാസാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക്</u>

3967 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേളാരിയിൽ സ്ഥിതി ചെയ്യുന്ന നഹാസാഹിബ് മെമ്മോറിയൽ പോളിടെക്നിക്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ആരംഭഘട്ടത്തിൽ അതിനു നൽകിയ പേര് ഇപ്പോൾ ഉപയോഗിക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനം ഒരു എൻജിനീയറിംഗ് കോളേജായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപനത്തിൽ ഏർപ്പെടുത്തി ആധുനിക സാങ്കേതിക മേഖലയ്ക്ക് ഉപയുക്തമായ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>മലയോര മേഖലയിലെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ</u>

3968 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയിലെ ഉന്നതവിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ഈ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ മേഖലയിൽ നിലവിലുള്ള ടെക്നിക്കൽ സ്കൂളുകൾ പോളിടെക്നിക്കായി ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>കുഴൽമന്ദം റസിഡൻഷ്യൽ പോളിടെക്നിക്</u>

3969 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കോളേജ് കെട്ടിടം, ഹോസ്റ്റൽ, വർക്ക്ഷോപ്പുകൾ എന്നിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ചേര്‍ത്തല ഗവണ്‍മെന്റ് പോളിടെക്നിക്</u>

3970 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ഗവണ്‍മെന്റ് പോളിടെക്നിക്കില്‍ നിലവില്‍ എത്ര ബ്രാഞ്ചുകളാണുളളത്;

(ബി) മെക്കാനിക്കല്‍ എന്‍ജിനീയറിംഗ്, കമ്പ്യൂട്ടര്‍ സയന്‍സ് എന്നീ രണ്ടു പുതിയ ബ്രാഞ്ചുകള്‍ അനുവദിച്ചു നല്‍കാന്‍ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഈ രണ്ടു ബ്രാഞ്ചുകള്‍ ഇവിടെ പുതുതായി ആരംഭിക്കുന്നതിന് നിലിവിലുളള തടസ്സം എന്താണെന്ന് അറിയിക്കുമോ;

(ഡി) പെണ്‍കുട്ടികളെ സംബന്ധിച്ചിടത്തോളം കൂടുതല്‍ തൊഴില്‍ സാധ്യതകളുളളതും സൗകര്യപ്രദവുമായ കമ്പ്യൂട്ടര്‍ സയന്‍സ് ബ്രാഞ്ച് ചേര്‍ത്തല ഗവണ്‍മെന്റ് പോളിടെക്നിക്കില്‍ ആരംഭിച്ചാല്‍ നിലവിലുളള കമ്പ്യൂട്ടര്‍ ഹാര്‍ഡ് വെയര്‍ മെയിന്റനന്‍സ് കോഴ്സിനെക്കാള്‍ കൂടുതല്‍ പ്രയോജനമുണ്ടാകുമെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) മുമ്പ് ടെക്നിക്കല്‍ സ്കൂളായി പ്രവര്‍ത്തിച്ചിരുന്നതിനാല്‍ ഗവണ്‍മെന്റ് പോളിടെക്നിക്കില്‍ ലെയ്ത്ത്, വെല്‍ഡിംഗ്, ഡ്രില്ലിംഗ് ഉപകരണങ്ങള്‍ അവശേഷിക്കുന്നുണ്ടെന്നും അവ ഉപയോഗിക്കാതെ നശിച്ചുപോകുകയാണെന്നുളളതും കണക്കിലെടുത്ത് ഇവ കൂടി ഉപയോഗപ്പെടുത്താവുന്ന വിധത്തില്‍ പുതിയ മെക്കാനിക്കല്‍ എന്‍ഞ്ചിനീയറിംഗ് ബ്രാഞ്ച് അടിയന്തിരമായി ആരംഭിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തിരൂരങ്ങാടി പോളിടെക്നിക്കിന്റെ പശ്ചാത്തല സൗകര്യങ്ങൾ</u>

3971 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേളാരിയിൽ പ്രവർത്തിക്കുന്ന, തിരൂരങ്ങാടി പോളിടെക്നിക്കിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരൂരങ്ങാടി പോളിടെക്നിക്കിന്റെ കാര്യത്തിൽ പുലർത്തുന്ന അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

നന്നംമുക്ക് ഗവൺമെന്റ് പോളിടെക്നിക്

3972 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിരുന്ന മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജക മണ്ഡലത്തിലെ നന്നംമുക്ക് ഗവൺമെന്റ് പോളി ടെക്നിക്കിന്റെ തുടർ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര യൂണിവേഴ്സിറ്റിയുടെ നിർമ്മാണ പ്രവർത്തനം</u>

3973 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കേന്ദ്ര യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലം ജില്ലയിൽ തന്നെ ലഭ്യമായിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാതെ ജില്ലയോട് കാണിക്കുന്ന അവഗണ നയാണെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള ഉദ്യോഗസ്ഥ- വിദ്യാർത്ഥി അനുപാതം</u>

3974 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള ഉദ്യോഗസ്ഥ- വിദ്യാർത്ഥി അനുപാതം എത്രയാണ് ;

(ബി) ഈ അനുപാതം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എന്നാണ് ;

(സി) യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ ഇതിന് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഈ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

സര്‍വ്വകലാശാലകളിലെ പരീക്ഷാ ഫീസും കോഴ്സ് ഫീസും

3975 ശ്രീ. റ്റി. വി. രാജേഷ്
,, വി. ശിവന്‍കുട്ടി
,, ജെയിംസ് മാത്യു
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സര്‍വ്വകലാശാലകളില്‍ പരീക്ഷാഫീസും കോഴ്സ് ഫീസും വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ബി) സര്‍വ്വകലാശാലകളില്‍ സമാന സ്വഭാവമുള്ള കോഴ്സുകളുടെ പരീക്ഷാ ഫീസും കോഴ്സ് ഫീസും വ്യത്യസ്ത നിരക്കിലാണോ ഈടാക്കി വരുന്നതെന്ന വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സര്‍വ്വകലാശാലകളിലാണ് വിദ്യാര്‍ത്ഥികളില്‍ നിന്നും ഏറ്റവും ഉയര്‍ന്ന ഫീസ് ഈടാക്കുന്നത് ; ഇപ്പോഴത്തെ നിരക്ക് ഏറ്റവും ഒടുവില്‍ പുതുക്കിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

എൻ.എ.എ.സി. യുടെ പരിശോധന

3976 ശ്രീ. ഹൈബി ഈഡൻ
,, സി.പി. മുഹമ്മദ്
,, എ.റ്റി. ജോർജ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവകലാശാലകൾ, കോളേജുകൾ എന്നിവിടങ്ങളിൽ എൻ.എ.എ.സി - യുടെ പരിശോധന നടക്കാറുണ്ടോ;

(ബി) കേരളത്തിലെ എത്ര യൂണിവേഴ്സിറ്റികൾക്ക് നാക് - ന്റെ അംഗീകാരമുണ്ട്; പേരു വിവരം നൽകാമോ ;

(സി) നാക് - ന്റെ പരിശോധന എത്ര വർഷത്തിലൊരിക്കലാണ് നടക്കാറുള്ളത്;

(ഡി) കേരളത്തിലെ സർവകലാശാലകൾ, കോളേജുകൾ എന്നിവ എത്ര തവണ പരിശോധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) എപ്പോഴെങ്കിലും നാക് -ന്റ പരിശോധന മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണിതിന് ഉത്തരവാദി ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളിലെ ലൈബ്രേറിയൻ തസ്തിക</u>

3977 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; എങ്കിൽ അതു നികത്താൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ബി) യു.ജി.സി നിർദ്ദേശങ്ങൾക്കനുസൃതമായി യൂണിവേഴ്സിറ്റി ലൈബ്രേറിയൻ നിയമന മാനദണ്ഡങ്ങളിലും വിദ്യാഭ്യാസ യോഗ്യതയിലും മാറ്റം വരുത്താത്ത സർവ്വകലാശാലകൾ ഏതെങ്കിലുമുണ്ടോ ; എങ്കിൽ അവ ഏതൊക്കെ ആണെന്നു വ്യക്തമാക്കാമോ ;

(സി) യു.ജി.സി നിർദ്ദേശങ്ങൾ പിൻതുടരാത്ത സർവ്വകലാശാലകൾക്ക് ലൈബ്രറി വികസനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡീഷണൽ ബാച്ചുകൾ</u>

3978 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉള്ള എത്ര സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്;
ഏതെല്ലാം കോളേജുകളിൽ ഏതൊക്കെ കോഴ്സുകൾ ആണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എം. ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉള്ള എത്ര കോളേജുകളിൽ എം. ടെക് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ കോളേജുകളിലാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സര്‍വ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പിലെ പോരായ്മകള്‍</u>

3979 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വകലാശാലാ പരീക്ഷാ നടത്തിപ്പിലെ പോരായ്മകള്‍ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സര്‍വ്വകലാശാലകള്‍ക്ക് ഏകീകൃത പരീക്ഷാ കലണ്ടര്‍ തയ്യാറാക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) കുറ്റമറ്റ രീതിയിലും ചുരുങ്ങിയ സമയത്തിനുളളിലും റിസല്‍ട്ടുകള്‍ പ്രസിദ്ധീകരിക്കുവാന്‍ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് വൈസ് ചാന്‍സലര്‍മാരുടെയും പരീക്ഷാ കണ്‍ട്രോളര്‍മാരുടേയും യോഗം വിളിച്ചുകൂട്ടുമെന്ന സര്‍ക്കാരിന്റെ ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പരീക്ഷാ സമ്പ്രദായത്തില്‍കാലോചിത പരിഷ്കരണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; അതിനായി എന്തെങ്കിലും നീക്കങ്ങള്‍ ആരംഭിച്ചിട്ടുണ്ടോ;

(ഇ) പരീക്ഷാ പേപ്പര്‍ വാല്യുവേഷന്‍ നടത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിന് വാല്യുവേഷന്‍ സെല്‍ രൂപീകരിക്കണമെന്ന വിദഗ്ദാഭിപ്രായം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യം നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എന്‍ട്രന്‍സ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ് ടു വിന്റെ മാര്‍ക്ക് കൂടി പരിഗണിക്കുന്നതിനുള്ള നടപടി</u>

3980

ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ് ടു കോഴ്സിന്റെ ഏതൊക്കെ വിഷയങ്ങളുടെ മാര്‍ക്കാണ് പരിഗണിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങള്‍ നല്‍കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിൽ സാക്ഷരതാ മിഷന്റെ പ്രവർത്തനം</u>

3981 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) നിരക്ഷരർ ഏറ്റവും കൂടുതലുള്ള ആദിവാസി മേഖലകളിൽ തുടർവിദ്യാഭ്യാസ പരിപാടികളുടെ പ്രത്യേക പാക്കേജുകൾ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ പത്താംതരം വിജയിക്കുന്നവർക്ക് സർക്കാരിന്റെ തൊഴിൽദാന പദ്ധതികളിൽ മുൻഗണന ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

ലീപ്പ് കേരള മിഷൻ

3982 ശ്രീ. വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ
'' എം. എ. വാഹീദ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ലീപ്പ് കേരള മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ലീപ്പ് കേരള മിഷന്റെ പ്രവർത്തനത്തിന് വേണ്ടി കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ഇവിടെ പ്രവർത്തിക്കുന്ന പ്രേരക്മാരുടെ ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ്;

(ജി) പ്രേരക്മാരുടെ ഓണറേറിയം തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിദേശ സര്‍വ്വകലാശാലകളുടെ ഓഫ് കാമ്പസുകള്‍</u>

3983 ശ്രീ. കെ.എന്‍.എ ഖാദര്‍
,, പി.ബി. അബ്ദുള്‍ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അമേരിക്ക, ബ്രിട്ടണ്‍, ആസ്ട്രേലിയ, റഷ്യ, സ്വിറ്റ്സര്‍ലന്റ്, സിംഗപ്പൂര്‍, ചൈന തുടങ്ങിയ രാജ്യങ്ങളില്‍ പഠനത്തിന് പോകുന്ന വിദ്യാര്‍ത്ഥികള്‍ അനുഭവിക്കുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) വിദേശ സര്‍വ്വകലാശാലകളുടെ ഓഫ്കാമ്പസുകള്‍ നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കുവാന്‍ ഉദ്ദേശമുണ്ടോ;

(സി) അത്തരം സര്‍വ്വകലാശാലകളുടെ കാമ്പസ് സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സംസ്ഥാന ഗവണ്‍മെന്റുകള്‍ പ്രത്യേകമായ നിയമങ്ങള്‍ ആവിഷ്കരിക്കുന്നുണ്ടോ;

(ഡി) വിദേശ സര്‍വ്വകലാശാലകള്‍ ഇത്തരം ഒരു ആവശ്യം ഉന്നയിച്ചിട്ടുള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) സര്‍ക്കാര്‍ ഇക്കാര്യത്തില്‍ ഇതുവരെ സ്വീകരിച്ച നടപടികള്‍ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

കണ്ണൂർ സർവകലാശാലയിലെ ഗ്രേഡിങ്ങ്

3984 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിൽ ഗ്രേഡിങ്ങ് നടത്തിയതിലെ എന്തെല്ലാം പിഴവുകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ;

(ബി) കണ്ണൂർ സർവകലാശാലയിലെ പരീക്ഷാ ഫലത്തിൽ കൃത്രിമം നടന്നിട്ടുണ്ടെന്നു ബോധ്യപ്പെട്ടിട്ടുണ്ടോ; ഉത്തരവാദികൾക്കെതിരെ എന്തു നടപടിയാണ് എടുത്തിട്ടുള്ളത് ;

(സി) പരീക്ഷാ ഫലത്തിലെ ക്രമക്കേട് എത്ര വിദ്യാർത്ഥികളുടെ പരീക്ഷാ ഫലത്തെയാണ് ബാധിച്ചിട്ടുള്ളത് ;

(ഡി) ഇതിനോടകം നടന്നിട്ടുള്ള അപാകതകളും പിഴവുകളും ആവർത്തിക്കാതിരിക്കാൻ കണ്ണൂർ സർവകലാശാലയുടെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ജീവനക്കാരുടെ കാര്യക്ഷമത

3985 ശ്രീ. റ്റി.എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലും അതിന്റെ കീഴിലും പ്രവർത്തിക്കുന്ന കാര്യാലയങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കാര്യാലയങ്ങളിലെ ജീവനക്കാരുടെ പ്രവൃത്തി പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) കാര്യാലയങ്ങളിലെ പ്രവൃത്തികൾക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?